"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പിഎം കിസാൻ പദ്ധതി - കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന പ്രോജക്റ്റ് അസിസ്റ്റന്റുമാരുടെ സേവനകാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.717/2024/AGRI തീയതി, തിരുവനന്തപുരം, 31-07-2024

---

പരാമർശം:-

1. 06/08/2010-ലെ സ.ഉ.(കൈ) നം. 198/2010/AD .
2. 26/02/2016-ലെ സ.ഉ.(പി) നം. 28/2016/ധന.
3. 28/04/2017-ലെ സ.ഉ.(പി) നം. 56/2017/ധന.
4. 21/07/2018- ലെ സ.ഉ.(പി) നം. 112/2018/ധന.
5. 09/07/2019- ലെ സ.ഉ.(പി) നം. 91/2019/ധന.
6. 03.01.2022-ലെ സ.ഉ(സാധാ) നം. 68/2020/കൃഷി .
7. 11/02/2021 - ലെ സ.ഉ.(പി) നം. 29/2021/ധന.
8. കൃഷി ഡയറക്ടറുടെ 13.05.2024 തീയതിയിലെ ADFW/ 4497/ 2024-PMKS നമ്പർ കത്ത് .

**ഉ ത്ത ര വ്**

പരാമർശം (6) പ്രകാരം പി.എം. കിസാൻ പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ച് വരുന്ന രണ്ട് പ്രോജക്റ്റ് അസിസ്റ്റന്റുമാരുടെ പ്രവർത്തന കാലാവധി 2 വർഷം പൂർത്തിയായിട്ടുള്ളതാണെന്നും ; എന്നാൽ പി.എം. കിസാൻ തുടർന്നും നടന്നുപോകുന്ന പദ്ധതി ആണെന്നും ടി പദ്ധതിയുടെ നടത്തിപ്പിൽ പ്രാവീണ്യം ഉള്ള പ്രോജെക്റ്റ് അസിസ്റ്റന്റുമാരുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ ടി കരാർ ജീവനക്കാരുടെ സേവന കാലാവധി ഒരു വർഷത്തേക്കു കൂടി നീട്ടി തുടർച്ചാനുമതി നൽകണമെന്ന് കൃഷി ഡയറക്ടർ പരാമർശം (8) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം കിസാൻ സമ്മാൻനിധി തുടർന്നും നടന്നുപോകുന്ന പദ്ധതി ആയതിനാലും ഹോണറേറിയം/പ്രതിമാസ വേതനം നൽകുന്നതിന് ആവശ്യമായ തുക പി.എം.കിസാൻ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ ലഭ്യമാണെന്നതിനാലും ടി പദ്ധതിയുടെ നടത്തിപ്പിന് പ്രാവീണ്യം ഉള്ള പ്രോജക്റ്റ് അസിസ്റ്റന്റുമാരുടെ സേവനം ആവശ്യമാണെന്ന് കൃഷി ഡയറക്ടർ അറിയിച്ചിട്ടുള്ള

സാഹചര്യത്തിലും , **കാലാവധി ഇനി ഒരിക്കൽ കൂടി ദീർഘിപ്പിക്കില്ലെന്ന വ്യവസ്ഥയോടെ**, നിലവിൽ രണ്ടു വർഷം പൂർത്തിയാക്കപ്പെട്ട പ്രോജക്ട് അസിസ്റ്റന്റുമാരായ ശ്രീമതി. നീതു കൃഷ്ണൻ. പി. , ശ്രീമതി. രേഖ കെ.ജി. എന്നിവരുടെ സേവന കാലയളവ് **ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി** ഉത്തരവാകുന്നു. ടി കാലയളവിനുള്ളിൽ തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യോഗ്യരായ പുതിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാകും വിധം തെരെഞ്ഞെടുപ്പ് നടപടി മുൻകൂറായി കർശനമായി നടത്തേണ്ടതാണ് എന്ന കാര്യം കൃഷി ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

To

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് I / ആഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( U.O(F) 2820750 Agri-A2/93/2024-FIN തീയതി 15/07/2024).
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂസ് മീഡിയ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (പിഎ2/53/2024-കൃഷി).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ